പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1462 — 13.06.2014 ലെ മറുപടിയ്ക്ക്

## ജില്ലാടിസ്ഥാനത്തിലുള്ള കൃഷി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഓരോ ജില്ലയിലും ചെയ്യാവുന്ന കൃഷി സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതാണെന്ന് വിശദമാക്കമോ; | (എ) ഓരോ ജില്ലയിലും ചെയ്യാവുന്ന കൃഷി സംബന്ധിച്ച് കൃഷി വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. |
| (ബി) സ്പെഷ്യലൈസ് ചെയ്ത കൃഷികൾ അതത് പ്രദേശങ്ങളിൽ നടത്തുന്ന വർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കമോ? | (ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിലും സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചും കേരളത്തിന് അനുയോജ്യമായ തെങ്ങ്, നെല്ല്, വാഴ, പച്ചക്കറികൾ തുടങ്ങിയ വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് പദ്ധതി നിബന്ധനകൾക്കനുസൃതമായി വിത്ത് മുതൽ വിപണി വരെയുള്ള വിവിധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനകൃഷി വകുപ്പ് ആനുകൂല്യങ്ങൾ നൽകി വരുന്നു.<br>കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ സാമ്പത്തിക വർഷവും അനുവദിക്കുന്ന പ്ലാൻ ഫണ്ടും തനത് ഫണ്ടും ഉപയോഗിച്ച് അതാത് പ്രദേശത്തേയ്ക്ക് അനുയോജ്യമായ കാർഷിക പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതുവഴിയും കർഷകർക്ക് ആനുകൂല്യം ലഭ്യമാണ്. വിത്ത്, വളപ്രയോഗം, സസ്യ സംരക്ഷണം, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മണ്ണ്-ജല സംരക്ഷണ ജൈവകൃഷി തുടങ്ങി വിവിധ കാർഷികാവശ്യങ്ങൾ ഇപ്രകാരം ആനുകൂല്യങ്ങൾ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ